(സി) ദേശീയപാതയിൽ പുത്തൻതെരുവിൽ ഗതാഗതത്തിരക്കുള്ള (ട്രാഫിക് പീക് സമയങ്ങളിൽ) സമയങ്ങളിൽ ഹോംഗാർഡിനെയോ, പോലീസ് ഉദ്യോഗസ്ഥരെയോ ഡ്യൂട്ടിക്കായി നിയമിച്ചുവരുന്നു.

**ടി .പി. സെൻകുമാർ നൽകിയ അപ്പീലുകളിൽ ഹാജരായ അഭിഭാഷകർക്ക് നൽകിയ ഫീസ്**

84(4241) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് മേധാവി സ്ഥാനത്തുനിന്നും നീക്കിയ നടപടി ചോദ്യം ചെയ്തുകൊണ്ട് ടി. പി. സെൻകുമാർ കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നൽകിയ അപ്പീലുകളിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ഈ കോടതികളിൽ ഹാജരായി വാദിച്ചത്;

(ബി) സർക്കാർ അഭിഭാഷകരും, അഡ്വക്കേറ്റ് ജനറലും ഒഴികെ പ്രസ്തുത കേസുകളിൽ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഹാജരായ അഭിഭാഷകർക്ക് ഇതുവരെ എത്ര തുക ഫീസായി നൽകി; ഓരോരുത്തർക്കും നൽകിയ ഫീസ് എത്ര വീതമെന്ന് അറിയിക്കുമോ;

(സി) വക്കീൽ ഫീസിന് പുറമെ വിമാനയാത്രാക്കൂലി, താമസസൗകര്യം എന്നീ ഇനങ്ങളിൽ ഓരോരുത്തർക്കുംവേണ്ടി ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ശ്രീ. ടി. പി. സെൻകുമാർ കേരളാ ഹൈക്കോടതിയിൽ നല്കിയ കേസിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ഹാജരായത് അഡ്വക്കേറ്റ് ജനറലാണ്. സുപ്രീം കോടതിയിൽ നൽകിയ അപ്പീലിൽ ഹാജരായത് സീനിയർ അഡ്വക്കേറ്റുമാരായ ശ്രീ. ഹരീഷ് സാൽവെയും ശ്രീ. പി. പി. റാവുവും കേരള ഗവൺമെന്റിന്റെ സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. ജി. പ്രകാശുമാണ്.

(ബി) ഇതുവരെയും ഫീസ് നൽകിയിട്ടില്ല.

(സി) തുക ചെലവായിട്ടില്ല.

**ഡിവൈ.എസ്.പി.-മാരുടെ സ്ഥലംമാറ്റം**

85(4242) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ 100 ഡി. വൈ. എസ്. പി. മാരെ സ്ഥലം മാറ്റിക്കൊണ്ട് 5-5-2017 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത്രയധികം ഡിവൈ . എസ് . പി.-മാരെ ഒരുമിച്ച് സ്ഥലം മാറ്റാൻ ഉണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly